പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 124

27-06-2011-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ പദ്ധതി പ്രവർത്തികമാക്കുന്നതിന് ഈ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | എ) മത്സ്യത്തൊഴിലാളികളുടെ കടങ്ങളുമായി ബന്ധപ്പെട്ട് ആശ്വാസ നടപടികൾ ശുപാർശ ചെയ്യുന്നതിനായി 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയും കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കടാശ്വാസ ഇനത്തിൽ ആകെ 380 കോടിയോളം രൂപ അനുവദിക്കാൻ ഇതിനകം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡ്, 1969 ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം ഇതിനകം അനുവദിച്ചിട്ടുള്ളത്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലെ കടങ്ങൾ അടുത്ത ഘട്ടമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. |
| ബി) മത്സ്യത്തൊഴിലാളികളുടെ കടം എപ്പോൾ, എങ്ങനെ എഴുതി തള്ളാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) നിലവിൽ 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ 7-ാം വകുപ്പ് പ്രകാരം കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളികൾ കമ്മീഷൻ മുമ്പാകെ ചട്ടപ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനായി അപേക്ഷാ ഫാറങ്ങൾ അച്ചടിച്ച് ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുമാരുടെ ഓഫീസ് മുഖേനയും മത്സ്യഭവനുകൾ വഴിയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുള്ളതാണ്. കമ്മീഷനിൽ ലഭിച്ച 114826 അപേക്ഷകൾ കമ്മീഷൻ പരിഗണിച്ചു വരികയാണ്. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ 1969-ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/ സഹകരണ ബാങ്കുകൾ, ഉത്തമർണ്ണ സ്ഥാപനങ്ങളായ ഭാരതീയ സ്റ്റേറ്റ് ബാങ്ക് അതിന്റെ സബ്സിഡിയറി ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ വ്യക്തികൾ തുടങ്ങിയ ഇടങ്ങളിൽ നിന്നായി എടുത്തിട്ടുള്ള വിവിധ വായ്പകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഒറ്റ അപേക്ഷയിലാണ് ഓരോ അപേക്ഷകനും രേഖപ്പെടുത്തിയിട്ടുള്ളത്. കടങ്ങളെ അവ നൽകിയ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മീഷൻ പരിഗണിക്കുന്നത്.<br>2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം 1098-ലെ സിവിൽ നടപടി നിയമ സംഹിതയ്ക്ക് കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ പ്രദാനം ചെയ്തിട്ടുള്ള കമ്മീഷൻ തെളിവെടുപ്പിന്റെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിലാണ് കടാശ്വാസം സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ